(ബി) സൗജന്യമായി സ്ഥലം നൽകുന്നവർക്ക് എന്തെല്ലാം ഇളവുകൾ നൽകാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവർക്കായി നിലവിലുള്ള ഫ്ളോർ-ഏരിയ റേഷ്യോയിൽ ഏതു തരത്തിലുള്ള ഇളവുകൾ നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) റോഡ് വികസനത്തിനായി സൗജന്യമായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് ശേഷിക്കുന്ന ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഉദാരമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XI-ൽ (ചട്ടം 79 മുതൽ 85 വരെ) പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വ്യവസ്ഥകളിൽ കൂടുതൽ ഇളവുകൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ഭരണാനുമതി നൽകിയ പ്രവൃത്തികൾ

196 (1924) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ വിവിധ പ്രവൃത്തികൾക്കായി എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ എത്ര തുകയ്ക്കുള്ള ടെണ്ടർ നടപടികൾ നടത്തിയിട്ടുണ്ടെന്നും എത്ര തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തിയായി എന്നും വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ ആകെ എത്ര തുക ഇതിനോടകം നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗം-2986.65 കോടി രൂപ

കെട്ടിട വിഭാഗം-77011.34 ലക്ഷം രൂപ

ദേശീയ പാത വിഭാഗം-4283.72 ലക്ഷം രൂപ.

(ബി) കെട്ടിട വിഭാഗത്തിൽ 63281.79 ലക്ഷം രൂപയുടെ പ്രവൃത്തികളിൽ ടെണ്ടർ ചെയ്യുകയും ഇതിൽ 3389.79 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ ആകെ 3883.72 ലക്ഷം രൂപയുടെ പണികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. പണികളൊന്നും പൂർത്തിയായിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗം-വിവരം ശേഖരിച്ചുവരുന്നു.

(സി) കെട്ടിട വിഭാഗത്തിൽ ഇതിനോടകം 9161.70 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ തുകയൊന്നും നൽകിയിട്ടില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly